പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3031

20.12.2012ൽ
മറുപടിക്ക്

## മണൽക്കൊള്ള കാരണം നശിക്കുന്ന പുഴകൾ, തോടുകൾ, മറ്റ് ജലാശയങ്ങൾ

ചോദ്യം
ശ്രീ.എം.ഹംസ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ ഒട്ടുമിക്ക പുഴകളും, തോടുകളും മറ്റ് ജലാശയങ്ങളും മണൽക്കൊള്ള കാരണം നശിച്ച് കൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനധികൃത മണൽ കടത്ത് പിടിച്ച എത്ര കേസുകൾ സംസ്ഥാനത്ത് 2011 മെയ് മുതൽ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) അതിൽ നിന്ന് എത്ര രൂപ ഫൈനായി ഈടാക്കി ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) & (സി)

| ജില്ല | 2011 മെയ് മുതൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം | ഫൈനായി ഈടാക്കിയ തുക |
|---|---|---|
| തിരുവനന്തപുരം | 1312 | 1,3181,806/- |
| കൊല്ലം | 240 | 1,13,93,974/- |
| പത്തനംതിട്ട | 130 | 32,41,280/- |
| കോട്ടയം | 79 | 18,38,400/- |
| ഇടുക്കി | 86 | 64,38,901/- |
| ആലപ്പുഴ | 215 | 22,41,000/- |
| എറണാകുളം | 614 | 1,59,81,072/- |
| തൃശ്ശൂർ | 741 | 1,38,35,910/- |
| മലപ്പുറം | 1294 | 24,36,398/- |
| കോഴിക്കോട് | 310 | 97,95,500/- |
| വയനാട് | 71 | 8,60,000/- |
| പാലക്കാട് | 1248 | 1,96,97,250/- |

| | | |
|---|---|---|
| കണ്ണൂർ | 154 | 21,47,691/- |
| കാസർഗോഡ് | 605 | 68,35,400/- |

(ഡി) ആർ.എം.എഫ് ഉപയോഗിച്ച് ഭാരതപ്പുഴ സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ;

(ഡി) ആർ.എം.എഫ്.ഉപയോഗിച്ച് ഭാരതപ്പുഴ സംരക്ഷിക്കുന്നതിന് ഇറിഗേഷൻ /മൈനർ ഇറിഗേഷൻ വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും പദ്ധതികൾ തയ്യാറാക്കി ഭരണാനുമതി യ്ക്കായി ലഭിച്ചത് പരിശോധിച്ചു വരുന്നു..

(ഇ) നിലവിൽ ആർ.എം.എഫ് -ൽ എത്ര തുകയുണ്ട് ; എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിലുള്ളത് ?

(ഇ)

| ജില്ല | ആർ.എം.എഫ് ലെ തുക |
|---|---|
| തിരുവനന്തപുരം | 8,35,16,478/- |
| കൊല്ലം | 23,81,75,272/- |
| പത്തനംതിട്ട | 5,68,71,925/- |
| കോട്ടയം | 1,09,99,038/- |
| ഇടുക്കി | 4,57,87,161/- |
| ആലപ്പുഴ | 71,58,403/- |
| എറണാകുളം | 21,18,12,448/- |
| തൃശ്ശൂർ | 24,71,40,312/- |
| മലപ്പുറം | 55,17,26,768/- |
| കോഴിക്കോട് | 23,75,83,879/- |
| വയനാട് | 2,02,36,268/- |
| പാലക്കാട് | 11,65,00,00/- |
| കണ്ണൂർ | 4,94,34,719/- |
| കാസർഗോഡ് | 6,34,50,295/- |

ജില്ലകളിൽ നിലനിൽക്കുന്ന പ്രോജക്ടുകൾ

കൊല്ലം

കല്ലടയാറിലെ നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് പട്ടാഴി, കുളത്തൂപ്പുഴ, പടിഞ്ഞാറേ കല്ലട, പവിത്രേശ്വരം, കിഴക്കേ കല്ലട, പുനലൂർ മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങളിൽ വിവധ നിർമ്മാണ

പ്രവർത്തനങ്ങൾ നടന്നു വരുന്നു. അത് പോലെ ഇത്തിക്കരയാറിന്റെ വിവിധ പ്രദേശങ്ങളിൽ നദീതീര സംരക്ഷണവുമായി ബന്ധപ്പെട്ട് ചടയമംഗലം, ആദിച്ചനല്ലൂർ, വെളിനല്ലൂർ, കല്ലുവാതുക്കൽ എന്നീ പഞ്ചായത്തുകളിൽ നിർമ്മാണ പ്രക്രിയകൾ നടന്നുവരുന്നു.

പത്തനംതിട്ട

നദീതീര സംരക്ഷണത്തിനുള്ള 25 പ്രവൃത്തികൾ നടന്ന് വരുന്നതും പമ്പ, അച്ചൻകോവിൽ, മണിമല എന്നീ നദികളിലെ നദീതീര സംരക്ഷണത്തിനുള്ള 51 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഇറിഗേഷനിൽ നിന്നും ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുള്ളതാണ്. കൂടാതെ പമ്പ നദിയിലെ മണൽ ആഡിറ്റ് തിരുവനന്തപുരം സി-ഗ്രാഫ് എന്ന സ്ഥാപനം നടത്തി വരുന്നതുമാണ്.

കോട്ടയം

14 പ്രോജക്ടുകൾ ഡി.എൽ.ഇ.സി. യുടെ പരിഗണനയിലാണ്.

ആലപ്പുഴ

എടവൂർ മഠം കടവിൽ പമ്പാ നദിയുടെ വലതുകര സംരക്ഷണവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു.

എറണാകുളം

പെരിയാർ, മൂവാറ്റുപുഴയാർ എന്നിവയുടെയും അവയുടെ അനുബന്ധ പുഴകളുടെയും തീര സംരക്ഷണത്തിനാ

യുള്ള പദ്ധതികൾ നടന്ന് വരുന്നതും കോതമംഗലം താലൂക്കിൽ കുട്ടമ്പുഴയിൽ ഇഞ്ചതൊട്ടി തൂക്ക് പാലം പുതൃക്ക പഞ്ചായത്തിൽ തമ്മാനിമറ്റ തൂക്ക് പാലത്തിന്റെയും പ്രവൃത്തികൾ നടന്ന് വരുന്നതും ഇഞ്ചതൊട്ട് തൂക്ക് പാലത്തിന്റെ ജോലി പൂർത്തിയായിട്ടുള്ളതുമാണ്.

<u>വയനാട്</u>

കബനി നദിയുടെ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുള്ളതും മണൽ ഓഡിറ്റ് നടന്ന് വരുന്നതുമാണ്.

<u>കണ്ണൂർ</u>

പുഴകളുടെ പാർശ്വ ഭിത്തി സംരക്ഷണ പ്രോജക്ടുകൾ ചെയ്ത് വരുന്നു.

<u>കാസർഗോഡ്</u>

നിലവിൽ നദീതീര സംരക്ഷണത്തിനായി 39 പ്രൊപ്പോസലുകൾ അടുത്ത ജില്ലാ വിദഗ്ധ സമിതി യോഗത്തിൽ പരിഗണിക്കുന്നതാണ്.

(തൃശ്ശൂർ, കോഴിക്കോട്, പാലക്കാട് എന്നീ ജില്ലകളിലെ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു).

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്